GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/07/2026

1. സംസ്ഥാന കൃഷി വികസന-കർഷക ക്ഷേമ വകുപ്പ് 2025-ലെ സംസ്ഥാന കർഷക അവാർഡുകളുടെ ഭാഗമായി മാധ്യമരംഗത്തെ മികവിന് നൽകുന്ന 'കർഷക ഭാരതി' അവാർഡിന് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയിലൂടെ കാർഷിക മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ മികച്ച ഫാം ജേർണലിസ്റ്റുകളെയാണ് അവാർഡിന് പരിഗണിക്കുന്നത്. വ്യക്തികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കില്ല. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവമാധ്യമം എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് കർഷക ഭാരതി അവാർഡുകൾ നൽകുന്നത്. ഓരോ വിഭാഗത്തിലും വിജയിക്കുന്നവർക്ക് ₹50,000 ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കും. അവാർഡ് വിജ്ഞാപന

തീയതി മുതൽ പിന്നോട്ടുള്ള ഒരു വർഷക്കാലയളവിലെ മാധ്യമപ്രവർത്തന മികവാണ് വിലയിരുത്തുക. അപേക്ഷാ ഫോറവും വിശദമായ മാർഗനിർദേശങ്ങളും www.keralaagriculture.gov.in എന്ന കൃഷിവകുപ്പ് വെബ്സൈറ്റിലും www.fibkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2026 ജൂലൈ 14. അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 695003 എന്ന വിലാസത്തിൽ അയയ്ക്കണം. കവറിന് പുറത്ത് 'കർഷക ഭാരതി അവാർഡ് 2025 - (വിഭാഗത്തിന്റെ പേര്)' എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

2. കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെൻറ് ഏജൻസി (ആത്മ) പ്രോഗ്രാമിന് കീഴിൽ സ്റ്റേറ്റ് കോർഡിനേറ്റർ തസ്തികയിലെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു (ഒരു ഒഴിവ്) . പ്രായപരിധി 60 വയസ്സ്. പ്രതിഫലം പ്രതിമാസം 50,000/- രൂപ. കാലാവധി 1 വർഷം. കൃഷി, കൃഷി വിപണനം, അഗ്രോണമി, ഹോർട്ടികൾച്ചർ, ഫിഷറീസ്, മണ്ണ് ശാസ്ത്രം, കാർഷിക സാമ്പത്തികശാസ്ത്രം തുടങ്ങിയ കൃഷി അനുബന്ധ മേഖലകളിലെ ഡോക്ടറേറ്റ് അല്ലെങ്കിൽ ബിരുദാനന്തര ബിരുദം ആണ് യോഗ്യത.

ഡോക്ടറേറ്റ് ഡിഗ്രി ഉള്ളവർക്ക് കോർഡിനേഷൻ, ആസൂത്രണം എന്നിവയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയവും, ബിരുദാനന്തര ബിരുദം ഉള്ളവർക്ക് 20 വർഷത്തെ പ്രവർത്തി പരിചയവും ആവശ്യമാണ്. സർക്കാർ മേഖലയിലെ സേവന പരിചയം അഭിലഷണീയം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ സഹിതം 20/07/2026 നകം ഡയറക്ടർ, കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിലേക്കോ nodalatmakerala@gmail.com എന്ന മെയിൽ ഐഡിയിലേക്കോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ഇൻറർവ്യൂവിൻ്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതാണ്.

3. എറണാകുളം ജില്ലയിലെ തൊടുപുഴ കാഞ്ഞിരമറ്റം ബൈപ്പാസിലുള്ള കാഡ്സ് വിത്ത് ബാ ങ്കിൻ്റെ ആഭിമുഖ്യത്തിൽ രണ്ട് മാസം പ്രായമുള്ള മികച്ച ഇനം കോ ഴിക്കുഞ്ഞുങ്ങളുടെ വിതരണം 15-ന് സംഘടിപ്പിക്കുന്നു. പരിമിതമായ എണ്ണം മാത്രമുള്ളതിനാൽ താൽപര്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യണമെന്ന് സംഘാടകർ അറിയിച്ചു.ബുക്ക് ചെയ്യേണ്ട നമ്പർ 8078220717.

4. കേരള കാർഷിക സർവകലാശാലയുടെ ഇ-പഠന കേന്ദ്രം (Centre for e-Learning) കാർഷിക രംഗത്തെ താല്പര്യമുള്ളവർക്കായി സൗജന്യ

ഹ്രസ്വകാല ഓൺലൈൻ കോഴ്സ് (MOOC) സംഘടിപ്പിക്കുന്നു. വിഷയം: IoT Concepts in Agriculture (ഇന്റർനെറ്റ് ഓഫ് തിങ്സ് കാർഷിക മേഖലയിൽ). ക്ലാസുകൾ ആരംഭിക്കുന്നത് 2026 ജൂലൈ 17. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് 10 ഓൺലൈൻ സെഷനുകളായി നടത്തുന്നു . ഇംഗ്ലീഷ് ഭാഷയിലാണ് പരിശീലനം. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി: 2026 ജൂലൈ 27. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ ശേഷം ഇ-പഠന കേന്ദ്രം നടത്തുന്ന പരീക്ഷ പാസ്സാകുന്ന പഠിതാക്കൾക്ക്, ആവശ്യമെങ്കിൽ നിശ്ചിത ഫീസ് അടച്ച് ഔദ്യോഗിക സർട്ടിഫിക്കറ്റ് കൈപ്പറ്റാവുന്നതാണ്. www.celkau.in/elearning/reg.php എന്ന വെബ് സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com എന്ന ഈ മെയിൽ വിലാസത്തിലോ 0487-2438567 | 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

5. സ്പൈസസ് ബോർഡ് നടപ്പിലാക്കുന്ന 'സ്പൈസ്ഡ്' പദ്ധതിയുടെ കീഴിൽ സഹായം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു സുഗന്ധവ്യഞ്ജന മേഖലയിലെ കർഷകർ, കയറ്റുമതിക്കാർ, ഉൽപാദക സംഘടന കൾ, ഈ രംഗത്തെ മറ്റ് പങ്കാളികൾ എന്നിവർക്ക് പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കു കീഴിലുള്ള ധനസഹായത്തിന് അപേക്ഷിക്കാം. മാർഗനിർദേശങ്ങൾ Guidelines for

implementation of SPICED Scheme.pdf എന്ന ലിങ്കിൽ ലഭ്യമാണ്. അപേക്ഷകൾ ഓൺലൈൻ മുഖേന ഓഗസ്റ്റ് 31 വരെ സമർപ്പിക്കാം.

6. അന്താരാഷ്ട്ര അവക്കാഡോ ദിനാചരണത്തോടനുബന്ധിച്ച് "Avocado Fest 2026", ദേശീയ സെമിനാർ, Wayanad Investment Meet എന്നിവ ജൂലൈ 31, ആഗസ്റ്റ് 1 തീയതികളിൽ സുൽത്താൻ ബത്തേരിയിൽ മുനിസിപ്പൽ ടൗൺ ഹാളിൽ വച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 7012661314, 98455 80223 എന്നെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.